I/5818439/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ ഡിബി1/19/2023-റവ

റവന്യൂ(ഡിബി) വകുപ്പ്

തിരുവനന്തപുരം, തീയതി: 29-07-2023

**കാരണം കാണിക്കൽ നോട്ടീസ്**

ശ്രീ.ഷാനവാസ് ഖാൻ എന്ന താങ്കൾ ഇടുക്കി ജില്ലയിലെ ദേവികുളം കെ.ഡി.എച്ച് വില്ലേജിൽ വില്ലേജ് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച വരവെ പ്രസ്തുത വില്ലേജിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 06.07.2018-ൽ നടത്തിയ മിന്നൽ പരിശോധനയിൽ താങ്കൾ 08.01.2018 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതായി കണ്ടെത്തിയിരുന്നു.

മേൽപ്പറഞ്ഞ പ്രകാരം താങ്കൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കാണിച്ച ഉത്തരവാദിത്തമില്ലായ്മയ്ക്കും കൃത്യവിലോപത്തിനും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളുടെ ചട്ടം (15) പ്രകാരം താങ്കൾക്ക് കുറ്റപത്രം നൽകുകയും പ്രസ്തുത കുറ്റപത്രത്തിന് താങ്കൾ സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി ചട്ടങ്ങളുടെ ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നതും ടിയാൻ അന്വേഷണ റിപ്പോർട്ട സമർപ്പിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ താങ്കൾ നിരന്തരം അനധികൃതമായി സേവനത്തിൽ നിന്ന് വിട്ടുനിൽക്കുന്നതായി കാണുന്നുവെന്നും ഇത്തരത്തിൽ അനധികൃതമായി ഓഫീസിൽ നിന്ന് വിട്ടു നിന്നതിന് ശേഷം പിന്നീട് അപേക്ഷ സമർപ്പിച്ചാണ് അവധികൾ ക്രമപ്പെടുത്തിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ താങ്കൾ മദ്യപിച്ച് ഓഫീസിൽ വന്ന് മറ്റു ജീവനക്കാരോട് വളരെ മോശമായ രീതിയിൽ പെരുമാറുന്നുവെന്നും, വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളോട് പണം ആവശ്യപ്പെടുന്നുവെന്നും പരാതി നിലനിൽക്കുന്നതായി തഹസീൽദാർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും താങ്കൾ ഓഫീസ് സമയത്ത് മദ്യപിക്കുകയും യാതൊരു ജോലിയും ചെയ്യാതെ കറങ്ങി നടക്കുകയും താങ്കളുടെ പേരിലുള്ള ക്വാർട്ടേഴ്സ് മറ്റൊരാൾക്ക് വാടകയ്ക്ക് നൽകി പണം സമ്പാദിക്കുകയും ചെയ്തിരുന്നതായി മൊഴി ലഭിച്ചിട്ടുള്ളതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ അനധികൃതമായി സേവനത്തിൽ നിന്ന് വിട്ടു നിൽക്കുന്ന പ്രവണത ആവർത്തിക്കുന്ന സാഹചര്യത്തിൽ താങ്കളെ സേവനത്തിൽ നീക്കം ചെയ്യുന്നതിന് ഇടുക്കി ജില്ല കളക്ടർ ശിപാർശ ചെയ്തിട്ടുള്ളതായും കാണുന്നു.

മേൽപ്പറഞ്ഞ പ്രവൃത്തികൾ ഗുരുതരമായ കൃത്യവിലോപവും ഉത്തരവാദിത്തപ്പെട്ട ഒരു സർക്കാർ ജീവനക്കാരന് ഒരിക്കലും നിരക്കാത്തതും ഗുരുതരമായ അച്ചടക്ക ലംഘനവും 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ചട്ടം (3) ന്റെ ലംഘനവുമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ ചട്ടം 11(1) (vi) പ്രകാരം താങ്കൾക്ക് Compulsory retirement നൽകുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത തീരുമാനം

സ്ഥിരപ്പെടത്താതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ഈ അറിയിപ്പ് കൈപ്പറ്റി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന അനുമാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ബിജു ജെ
ജോയിന്റ് സെക്രട്ടറി

ശ്രീ.ഷാനവാസ് ഖാൻ
വില്ലേജ് അസിസ്റ്റന്റ് (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
ദേവികുളം കെ.ഡി.എച്ച് വില്ലേജ്

# GOVERNMENT OF KERALA

## Abstract

VIGILANCE DEPARTMENT—MANUAL FOR DISCIPLINARY PROCEEDINGS—PARA 53(4)—SPECIMEN NOTICE FOR PUBLICATION IN THE DAILIES AND GOVERNMENT WEBSITE CONCERNED—ORDERS ISSUED

## VIGILANCE (E) DEPARTMENT

G. O. (Ms.) No. 07/2014/Vig.

*Dated, Thiruvananthapuram, 22nd April, 2014.*

*Read*:—1. G. O. (Rt.) No. 67/80/Vig. dated 9-4-1980.

2. Note No.103183/Rules.A2/127/Fin. dated 10-12-2012 from the Principal Secretary to Government, Finance Department.

## ORDER

As per the Government Order read as 1st paper above, Government have approved the specimen notice to be used for the publication in the local dailies for inviting attention of the accused officers who failed to accept the notice as per Para 53(4) of Manual for Disciplinary Proceedings, so as to minimise the expenditure being incurred by Government in this connection.

2. As per the note read as 2nd paper above, the Finance Department has recommended that in order to further reduce the substantial financial commitment towards publication of the notice in dailies, show cause notice under Para 53(4) of Manual for Disciplinary Proceedings may also be published in the form of window advertisement with website address in the dailies and the full text of notice or memo of Charges may be uploaded in Government website.





Generated from eOffice by VINODINI.S, LR (D6).CLR, LR(D6) CLR, LAND REVENUE COMMISSIONERATE on 24/07/2024 03:16 PM

3. Government have examined the matter in detail and are pleased to order that in future, for publication of notice in at least two leading dailies, window advertisement as shown below and since incorporated as Appendix H5 in the Manual for Disciplinary Proceedings shall be used and for publication in the Government website concerned, the model form in Appendix H4 shall be used.

| |
|---|
| ....................................Department<br>Window No. IPRD/ ...............................................<br>(Name and address of Disciplinary Authority)<br><br>Disciplinary action against Shri/Smt. ...............................................<br>(Name and designation of Officer) for unauthorized absence w.e.f. .........................Explanation called for to be submitted on or before .................................... |
| For detailed information, visit the Government website concerned i.e., |

4. Para 53 (4) of MDP stands modified to the above extent.

By order of the Governor,

SAILAJA DEVI, K.,
*Additional Secretary.*





Generated from eOffice by VINODINI.S, LR (D6).CLR, LR(D6) CLR, LAND REVENUE COMMISSIONERATE on 24/07/2024 03:16 PM

## APPENDIX H4

## NOTICE

This is to inform Sri........................................................................................
..........................................................................................................(Name)
......................................................................................................(designation)
................................................(Place of appointment etc.) that memo of charges with statement of allegations/Show cause memo containing specific charges against you were issued on.................................................
(Vide.................................No.........................dated...............................) in your last known address directing you to submit your written statement of defence/explanation as to why disciplinary action as contemplated under Kerala Civil Services (Classification, Control and Appeal) Rules, 1960 should not be taken against you. But the cover containing the Charge Memo/Show Cause Memo was returned to the Government/Department undeliverd by the postal authorities with endorsement.................................
....................................(reason for non delivery to be mentioned). So you may please take notice that if within 15 days from the date of publication of this notice, your written statement of defence or other explanation against the charges framed against you is not received, it will be presumed that you have no defence to put further and further action will be taken accordingly. You may obtain the full text of the memo of charges with the statement of allegations/show cause memo from.......................................
...........................(Designation of the officer, Name of office) during office hours in his office on an application made by you, furnishing your addresses to which it is to be sent prior to the stipulated period.

Designation of the disciplinary authority.

Name of Office:

To

.........................................................................

.........................................................................





Generated from eOffice by VINODINI.S, LR (D6).CLR, LR(D6) CLR, LAND REVENUE COMMISSIONERATE on 24/07/2024 03:16 PM

APPENDIX H5

| |
|---|
| ..........................................Department<br>Window No. IPRD/......................................................<br>(Name and address of Disciplinary Authority)<br>Disciplinary action against Shri/Smt. ..........................................<br>(Name and designation of Officer) for unauthorized absence w. e. f. ..........................................Explanation called for to be submitted on or before.....................................  |
| For detailed information, visit the Government website concerned i.e. .......................................... |

# കേരള സർക്കാർ

## സംഗ്രഹം

വിജിലൻസ് വകുപ്പ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ പ്രവർത്തനം ആരംഭിച്ച ടോൾഫ്രീ നമ്പർ പരസ്യപ്പെടുത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

## വിജിലൻസ് (ഇ) വകുപ്പ്

സ. ഉ. (സാധാ.) നമ്പർ 134/14/വിജി. *തിരുവനന്തപുരം, 2014 ആഗസ്റ്റ് 2.*

പരാമർശം:—വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 15-1-2013, 6-2-2013, 8-2-2014, 2-5-2014 തീയതികളിലെ ജി. 2215/13 നമ്പർ കത്തുകൾ

## ഉത്തരവ്

അഴിമതി സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിച്ച ടോൾഫ്രീ നമ്പരായ '8592900900' സംബന്ധിച്ച പരസ്യബോർഡുകൾ പൊതുജനശ്രദ്ധ